ഉത്തരം

(എ) ഉണ്ട്. ഭൂമി കൃഷി വകുപ്പിൽ നിന്ന് ജില്ലാമിഷൻ ഏറ്റെടുത്തിട്ടുണ്ട്. പ്രാരംഭ സർവ്വേയും പ്ലോട്ട് തിരിക്കലും നടന്നുവരുന്നു.

(ബി) ആലക്കോട് എസ്റ്റേറ്റിൽ നിന്ന് 1020.11 ഏക്കർ ഭൂമി ആദിവാസികൾക്ക് വിതരണം നടത്തുന്നതിന് വിട്ടുനൽകികൊണ്ട് സ. ഉ. (എംഎസ്.) 187/03/ആർ. ഡി. തീയതി 10-6-2003 പ്രകാരം ഉത്തരവായിട്ടുണ്ട്. കൃത്യമായി ടി എസ്റ്റേറ്റിൽ എത്ര ഭൂമി ലഭ്യമാണ് എന്നത് സർവ്വേ പൂർത്തിയായാൽ മാത്രമേ റിപ്പോർട്ട് ചെയ്യാൻ കഴിയുകയുള്ളു.

അർഹരായ ഓരോ കുടുംബത്തിനും ഒരേക്കർ വീതം ഭൂമി നൽകാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

ആദൂർ ഗ്വാളിമുഖ കാഷ്യൂ ഫാമുകൾ ജില്ലാ പഞ്ചായത്തിന് വിട്ടു നൽകണമെന്ന ഹർജി

99 [1108] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോഡ് ജില്ലയിൽ സർക്കാരിന്റെ കീഴിലുള്ള ആദൂർ ഗ്വാളിമുഖ കാഷ്യൂ ഫാമുകൾ ജില്ലാ പഞ്ചായത്തിന് വിട്ടുനൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) മേൽ ഫാമുകൾ ജില്ലാ പഞ്ചായത്തിന് കൈമാറണമെന്നാവശ്യപ്പെട്ട് ഹർജി ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിൻമേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആദൂർ ഗ്വാളിമുഖ കാഷ്യൂ ഫാമുകൾ ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടില്ല.

(ബി) ഹർജികളൊന്നും ലഭിച്ചിട്ടില്ലെന്ന് കൃഷി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(സി) ബാധകമല്ല.

പാലിൽ വിഷാംശം കലർന്നതായ പരാതി

100 [1109] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ലിറ്റർ പാൽ ഉൽപ്പാദിപ്പിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ മിൽമ എത്ര ലിറ്റർ പാൽ സംഭരിക്കുന്നു എന്നും സ്വകാര്യ ഏജൻസികൾ എത്ര സംഭരിക്കുന്നു എന്നും വ്യക്തമാക്കുമോ;

(സി) "മിൽമ" എത്ര പാൽ സംസ്ഥാനത്ത് വിപണനം നടത്തുന്നു എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly